**'ഭരണ ഭാഷ മാതൃഭാഷ'**

e-mail : 'dmekeral@gmail.Com
Fax : 0471-2443080
Gram: ' DIRMEDEN'

Phone : Office:0471- 2528575
2444270
Director (Personal) :2444011

**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ് പി.ഒ
തിരുവനന്തപുരം-695 011

---

നമ്പർ. ജെ3/10198/2016/ഡി.എം.ഇ. തീയതി: 30/03/2019

# നോട്ടീസ്

വിഷയം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഹെഡ് നഴ്സ് സീനിയോരിററി ലിസ്റ്റിൽ ശ്രീമതി. പ്രസന്നകുമാരി.കെ.വിയ്ക്ക് തെററായി രണ്ട് സ്ഥാനങ്ങൾ നൽകിയിരുന്നത് - തിരുത്തി - നോട്ടീസ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ജെ2/6159/2011/മെ.വി.വ തീയതി: 28/03/2011
2. ഉത്തരവ് നം. ജെ3/21564/2011/മെ.വി.വ തീയതി: 30/12/2011
3. ഉത്തരവ് നം. ജെ2/27935/2012/മെ.വി.വ തീയതി: 01/11/2013
4. ഉത്തരവ് നം. ജെ3/24306/2013/മെ.വി.വ തീയതി: 13/11/2013
5. ഉത്തരവ് നം. ജെ3/10198/2016/മെ.വി.വ തീയതി: 20/03/2017
6. ജി.എം.സി.കെ.ററി.എം/1074/2019/ഇ7 തീയതി: 20/03/2019.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 31/08/2016 വരെയുള്ള ഹെഡ് നഴ്സുമാരുടെ മുൻഗണന പട്ടിക പരാമർശം (5) ഉത്തരവ് മുഖേന പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ അതിൽ കോട്ടയം മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സായ ശ്രീമതി. പ്രസന്നകുമാരി.കെ.വി യ്ക്ക് 178, 281 എന്നീ രണ്ട് സ്ഥാനങ്ങൾ മുൻഗണന പട്ടികയിൽ നൽകിയിട്ടുണ്ടെന്നും 281 എന്ന സ്ഥാനമാണ് ടിയാരിയ്ക്ക് നൽകേണ്ടതെന്നും, 178 എന്ന സ്ഥാനം റദ്ദ് ചെയ്യണമെന്നും കാണിച്ച് കോട്ടയം മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സുമാർ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം പരാതി സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയിൽ പരാമർശം (5) ഉത്തരവ് മുഖേനയുള്ള മുൻഗണന പട്ടികയിൽ ശ്രീമതി. പ്രസന്നകുമാരി.കെ.വിയ്ക്ക് തെററായി രണ്ട് സ്ഥാനങ്ങൾ നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി. പ്രസന്നകുമാരി.കെ.വി യ്ക്ക് പരാമർശം (3) പ്രകാരമുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് I ന്റെ അന്തിമ മുൻഗണന പട്ടികയിൽ 188 എന്ന സ്ഥാനമാണ് നൽകിയിട്ടുള്ളത്. അതിൻ പ്രകാരം പരാമർശം (4) ഉത്തരവ് മുഖേന ടിയാരിയ്ക്ക് 13.11.2013 പ്രാബല്യത്തിൽ ഹെഡ് നഴ്സായി സ്ഥാനക്കയററം നൽകിയിട്ടുണ്ട്. അപ്രകാരം ശ്രീമതി. പ്രസന്നകുമാരി.കെ.വി 13/11/2013 പ്രാബല്യം മുതൽ ഹെഡ് നഴ്സ് മുൻഗണന പട്ടികയിൽ ഉൾപ്പെടാൻ അർഹതയുണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

Scanned by CamScanner

മേൽ പരാമർശിച്ച സാഹചര്യങ്ങളിൽ പരാമർശം (5) മുൻഗണന പട്ടികയിൽ ശ്രീമതി.പ്രസന്നകുമാരി.കെ.വി യ്ക്ക് തെററായി നൽകിയിരുന്ന 178 എന്ന സ്ഥാനം റദ്ദ് ചെയ്ത് 281 എന്ന സ്ഥാനത്ത് നിലനിർത്താനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം അതത് ഓഫീസ് മേലധികാരികൾ മുഖാന്തിരം അവ സമർപ്പിക്കുവാൻ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതു മുതൽ 10 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

3/4/19

ഡോ.എ.റംല ബീവി
ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. വെബ് സൈററ്.

us/01/04/19

Scanned by CamScanner